**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3483** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷകൾക്കായി മലയാളം ടൈപ്പ് റൈറ്റിംങ്ങിൽ എൻ.എസ്. പണ്ടാല സിസ്റ്റം പരിശീലനം മുന്നോട്ട് കൊണ്ടുപോകുവാൻ മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകളുടെ ദൗർലഭ്യം കാരണം കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത സിസ്റ്റത്തിന് പകരമായി കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം. മലയാളം സോഫ്റ്റ് വെയറുകളിൽ ടൈപ്പിംഗ് പരീക്ഷ എഴുതാൻ കഴിയും വിധം കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിൽ ലഭ്യമായിരുന്നു. മലയാളം ടൈപ്പ് റൈറ്റിംഗിൽ എൻ.എസ് പണ്ടാല സിസ്റ്റം കൂടാതെ കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം എന്നീ മലയാളം സോഫ്റ്റ് വെയറുകളിൽ പരീക്ഷ എഴുതാൻ കഴിയും വിധം പരിഷ്കരിച്ച സിലബസാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത സിലബസ് സർക്കാർ പരിശോധിച്ച് വരുന്നു.** |
| (സി) | പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംങ് പരീക്ഷയുടെ സിലബസ് പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; കേരളത്തിൽ ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുൻപ് മലയാളം ടൈപ്പ്റൈറ്റിംഗ് മെഷീൻ കമ്പനികൾ നിർമ്മാണം നിർത്തിയതിനാൽ പരിമിതമായ എൻ.എസ്. പണ്ടാല മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകൾ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നതിനാൽ കെ.ജി.റ്റി. ഇ. (കോമേഴ്സ്) ഉൾപ്പെടെയുള്ള പരീക്ഷകളിൽ കാലഘട്ടത്തിനനുസൃതമായ സിലബസ് പരിഷ്കരണം എത്രയും വേഗം നടപ്പിലാക്കുമോ; | (സി) | **കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിൽ ലഭ്യമായിരുന്നു. മലയാളം ടൈപ്പ് റൈറ്റിംഗിൽ എൻ.എസ് പണ്ടാല സിസ്റ്റം കൂടാതെ കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം എന്നീ മലയാളം സോഫ്റ്റ് വെയറുകളിൽ പരീക്ഷ എഴുതാൻ കഴിയും വിധം പരിഷ്കരിച്ച സിലബസാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത സിലബസ് സർക്കാർ പരിശോധിച്ച് വരുന്നു.** |

| | | | |
|---|---|---|---|
| (ഡി) | കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് അവസാനമായി പരിഷ്ക്കരിച്ചത് 16.08.2001-ലെ സ.ഉ.(എം.എസ്.) 96/2001/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഇരുപത്തൊന്ന് വർഷങ്ങൾക്ക് മുൻപാണെന്നത് പരിഗണിച്ച് സിലബസ് പരിഷ്ക്കരണം അടിയന്തരമായി പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | **കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിൽ ലഭ്യമായിരുന്നു. മലയാളം ടൈപ്പ് റൈറ്റിംഗിൽ എൻ.എസ് പണ്ടാല സിസ്റ്റം കൂടാതെ കമ്പ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം എന്നീ മലയാളം സോഫ്റ്റ് വെയറുകളിൽ പരീക്ഷ എഴുതാൻ കഴിയും വിധം പരിഷ്കരിച്ച സിലബസാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത സിലബസ് സർക്കാർ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ